**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5051** **11-08-2021 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രതിമാസ വിൽപ്പനയും സ്ഥല ലഭ്യതയും പരിശോധിച്ച് വിൽപ്പനസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ വിൽപ്പനശാലകളുടെ നവീകരണത്തിന് ആവശ്യമായ തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മാവേലി സ്റ്റോറുകൾ നവീകരിച്ചു വരുന്നുണ്ട്. കാര്യക്ഷമമായ വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികൾ നടത്തിവരുന്നു. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കി (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകൾ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തി മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാകുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യത കൂടി മുൻ നിർത്തി നവീകരിച്ച് സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയവ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | മാവേലി സ്റ്റോറുകൾ ഇല്ലാതിരുന്ന എല്ലാ പഞ്ചായത്തുകളിലും 17/02/2021 തീയതിയോടെ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത പരിസ്ഥിതി ലോല പ്രദേശങ്ങളായ ഇടമലക്കുടി, വട്ടവട പഞ്ചായത്തുകൾ ഉൾപ്പെടുന്ന വനമേഖലയിൽ മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ